ഡിറ്റെയിൽഡ് എസ്റ്റിമേറ്റിംഗ് റിപ്പോർട്ട് തയ്യാറാക്കി ആവശ്യമായ ഫണ്ട് ലഭിക്കുന്നതനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) വൈത്തല ട്രീറ്റ്മെന്റ് പ്ലാന്റിന്റെ താൽക്കാലിക നവീകരണ പ്രവർത്തനങ്ങൾക്കായി 29 ആർ.ഡബ്ല്യു.എസ്.എസ്.-ൽ 6 ലക്ഷം രൂപയ്ക്ക് സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. ആയത് ഉടനെ ടെണ്ടർ ചെയ്ത് ജോലികൾ സമയബന്ധിതമായി തീർക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വൈത്തല ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സമഗ്ര നവീകരണത്തിനായി ഏകദേശം 5 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

വെള്ളക്കരം വർദ്ധനവ്

68 (2166) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വാട്ടർ അതോറിറ്റിയിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന് നിശ്ചയിച്ചിരുന്ന വിലയെത്രയാണ് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാട്ടർ അതോറിറ്റി കുടിവെള്ളത്തിന് എത്ര തവണ വില വർദ്ധിപ്പിച്ചു ;

(സി) ഈ വില വർദ്ധന സർക്കാരിന്റെ അറിവോടുകൂടിയാണോ നടത്തിയിട്ടുള്ളത് ;

(ഡി) ഇപ്പോൾ വാട്ടർ അതോറിറ്റി കുടിവെള്ളത്തിന് ഈടാക്കുന്ന വിലയെത്രയാണ് ;

(ഇ) വാട്ടർ അതോറിറ്റി പൊതുടാപ്പ് വഴി നൽകുന്ന കുടിവെള്ളത്തിന് വില ഈടാക്കുന്നുണ്ടോ ;

(എഫ്) എങ്കിൽ ആരിൽ നിന്നാണ് ഈടാക്കുന്നതെന്നും അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വാട്ടർ അതോറിറ്റി ഗാർഹിക ആവശ്യത്തിന് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന് ഏറ്റവും കുറഞ്ഞത് കിലോ ലിറ്ററിന് 2 രൂപ നിരക്കും കൂടിയത് 7 രൂപ 35 പൈസ നിരക്കിലും ഗാർഹികേതര ആവശ്യത്തിന് 7 രൂപ.35 പൈസ മുതൽ 10 രൂപ 60 പൈസവരെയുള്ള നിരക്കും വ്യവസായ ആവശ്യത്തിന് 10 രൂപ 60 പൈസ നിരക്കിലുമുള്ള വില നിശ്ചയിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഒരു തവണ മാത്രമേ കുടിവെള്ളത്തിന്റെ വില വർദ്ധിപ്പിച്ചിട്ടുള്ളു. ആയത് 1-9-2008-ൽ പ്രാബല്യത്തിൽ വന്നു.

(സി) അതെ.

(ഡി) നിലവിൽ ഗാർഹിക ആവശ്യത്തിന് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന് കിലോ ലിറ്ററിന് ഏറ്റവും കുറഞ്ഞത് 4 രൂപ മുതൽ 25 രൂപവരെയുള്ള നിരക്കിലും ഗാർഹികേത ആവശ്യത്തിന് കിലോ ലിറ്ററിന് 10 രൂപ മുതൽ 25 രൂപ വരെയുള്ള നിരക്കിലും വ്യാവസായിക ആവശ്യത്തിന് കിലോ ലിറ്ററിന് 25 രൂപ നിരക്കിലുമാണ് വില ഈടാക്കുന്നത്.

(ഇ) വാട്ടർ അതോറിറ്റി പൊതുടാപ്പുകൾ വഴി നൽകുന്ന വെള്ളത്തിന് വില ഈടാക്കുന്നുണ്ട്.

(എഫ്) പൊതുടാപ്പുകൾ വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ വില ടാപ്പുകൾ നിലവിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമാണ് ഈടാക്കുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ധാരണ പ്രകാരം നിലവിൽ ഗ്രാമീണ പ്രദേശങ്ങളിലുള്ള ടാപ്പിൽകൂടി പ്രതിദിനം 2.4 കിലോ ലിറ്റർ കുടിവെള്ളവും നഗര പ്രദേശത്തെ ടാപ്പിൽകൂടി 3.6 കിലോ ലിറ്റർ കുടിവെള്ളവും വിതരണം ചെയ്യും എന്ന ക്രമത്തിൽ ഗാർഹിക വിഭാഗത്തിന്റെ ഏറ്റവും കുറഞ്ഞ വിലയായ 4 രൂപ നിരക്കിൽ പ്രതിവർഷത്തേക്ക് ഗ്രാമീണ ടാപ്പിൽ നിന്നും 3500 രൂപയും നഗര ടാപ്പിൽ നിന്ന് 5256 രൂപയുമാണ് ഈടാക്കുന്നത്.

ഉടുമ്പൻചോല വാട്ടർ സപ്ലൈ സ്കീം

68 (2167) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എന്നാണ് ഉടുമ്പൻചോല വാട്ടർ സപ്ലൈ സ്കീം കമ്മീഷൻ ചെയ്തതെന്ന് വെളിപ്പെടുത്തുമോ ;

(ബി) എത്ര പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട് ;

(സി) എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പഞ്ചായത്തിലെ ഏതെല്ലാം പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഈ സ്കീം പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കിയ ഉടുമ്പൻചോല ശുദ്ധജല വിതരണ പദ്ധതി 2004-ൽ ആരംഭിച്ച് 10-9-2010-ൽ പദ്ധതി കമ്മീഷൻ ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly